# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026



## GMLPS KALLARMANGALAM

KALLARMANGALAM PO
KUTTIPPURAM SUB-DISTRICT
MALAPPURAM DIST, 676553
gmlpskallarmangalam@ gmail.com

# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കുന്നു. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിതാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെയ്ക്കുന്നത്.

വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വ്യക്തിഗതമാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഇതിലൂടെ ക്ലാസ്തല മാസ്റ്റർപ്ലാനും സ്കൂൾതല മാസ്റ്റർപ്ലാനും രൂപീകരിക്കപ്പെടേണ്ടതാണ്.

അക്കാദമിക മാസ്റ്റർപ്ലാനിന്റെ പ്രധാനദർശനം 'കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളുടെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കുക' എന്നുള്ളതാണ്. കൂടാതെ ഹരിതാഭമായ സ്കൂൾ ക്യാമ്പസ്, ശിശുസൗഹൃദപഠനാന്തരീക്ഷം എന്നിവയിലൂടെ 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

# സ്കൂൾ ചരിത്രം

23-24 കാലഘട്ടത്തിൽ ചേലക്കുത്ത് കല്ലാർമംഗലം പള്ളി-
ുടെ സമീപം ഒരു കടയിൽ ഏകാധ്യാപക വിദ്യാലയമായി
ആരംഭിച്ച സ്കൂളിന്റെ അന്നത്തെ പ്രവർത്തനങ്ങൾ
നിയന്ത്രിച്ചിരുന്നത് പരേതനായ ശ്രീ. വലിയ കലായി
മുഹമ്മദ് മാസ്റ്റർ ആയിരുന്നു. കുറച്ച് വർഷങ്ങൾ ഇവിടെ
പ്രവർത്തിച്ച സ്കൂൾ പിന്നീട് നഷ്ടപ്പെടുമെന്ന സാഹചര്യം
ഉണ്ടാവുകയും അത് ശ്രദ്ധയിൽ പെട്ട തഹസിൽദാർ ഇടപെട്ട്
സ്കൂൾ പുന:സ്ഥാപിക്കാനുള്ള നിർദേശം നൽകുകയും
അങ്ങനെ ഡിസ്ട്രിക്ട് ബോർഡ് അംഗമായിരുന്ന ശ്രീ. തെക്കേ-
l രാഘവനുണ്ണി അധികാരിയുടെ ഉടമസ്ഥതയിലുള്ള പാച്ചിനി-
ടം പ്രദേശത്തെ 17 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിച്ച്
സ്കൂൾ പുനരാരംഭിച്ചു. 2003 മാർച്ചിൽ കുറ്റിപ്പുറം ബ്ലോക്കി-
ന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഇപ്പോൾ നിൽക്കുന്ന
സ്ഥലവും കെട്ടിടവും സർക്കാർ ഏറ്റെടുത്തു. തുടർന്ന് എസ്.എസ്.എ
പദ്ധതിയുടെ 6 ലക്ഷം രൂപ കെട്ടിട നിർമാണത്തിന് അനുവ-
ദിച്ച് കൊണ്ട് തുടങ്ങിയ നമ്മുടെ സ്കൂൾ ഇന്ന് എസ്.എസ്.കെ,
ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ
സഹായം കൊണ്ട് അത്യാധുനിക സൗകര്യങ്ങളോടെ ഈ വർഷം
ശതാബ്ദിയുടെ നിറവിൽ 102-ാം വർഷത്തിലെത്തി
നിൽക്കുന്നു.

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എം.എൽ.പി.എസ്. കല്ലാർമംഗലം |
| സ്കൂൾ കോഡ് | : 19313 |
| മേൽ വിലാസം | : കല്ലാർമംഗലം (പി.ഒ)<br>മലപ്പുറം.(ജില്ല)<br>676553 (പിൻകോഡ്) |
| ഇ.മെയിൽ | : gmlpskallarmangalam@gmail.com. |
| റവന്യൂ ജില്ല | : മലപ്പുറം |
| സബ് ജില്ല | : കുറ്റിപ്പുറം |
| ഗ്രാമ പഞ്ചായത്ത് | : മാറാക്കര |
| ക്ലാസുകൾ | : പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ |
| കുട്ടികൾ | : 1-4 വരെ<br>പ്രീ പ്രൈമറി |
| പ്രധാനാധ്യാപകൻ | : സ്മിത. എൻ.എസ് |
| ഫോൺ നമ്പർ | : 9495173571 |
| അധ്യാപകർ | : പ്രീ പ്രൈമറിയിൽ 2 അധ്യാപകരും 1-4 വരെ ക്ലാസുകളിൽ 8 അധ്യാപകരും ഉൾപ്പെടെ 10 അധ്യാപകർ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു. |
| അനധ്യാപകർ | : PTCM-1, കുക്ക്-1, ആയ-1 |
| സ്കൂൾ തരം | : ഗവൺമെന്റ് |
| പഠനമാധ്യമം | : 1,2 ഒന്നാം ക്ലാസിൽ ഇംഗ്ലീഷ്, മലയാളം<br>മറ്റുക്ലാസുകളിൽ മലയാളം മീഡിയം |

# അവസ്ഥാ വിശകലനം

രൂപീകരണ കാലം മുതൽ ഇന്നുവരെ കുറ്റിപ്പുറം ഉപജി-
യിലെ വിദ്യാലയങ്ങളിലൊന്നായി ഈ സ്കൂൾ നിലനിൽക്കുന്നു.
വിദ്യാലയങ്ങളി പ്രവർത്തനങ്ങളിലെ സാമൂഹ്യപങ്കാളിത്തം ഏറെ
ശ്രദ്ധേയമാണ്. ഭൗതികമായും അക്കാദമികമായും സാമൂഹികമാ-
യും മറ്റു സ്കൂളുകൾക്ക് മാതൃകയാക്കാവുന്ന പ്രവർത്തനങ്ങ-
ളാണ് ഈ വിദ്യാലയത്തിൽ വർഷങ്ങളായി നിലനിന്നു വരുന്നത്.

പ്രാരംഭകാലത്തെ കെട്ടിടം മാറി എസ്.എസ്.കെ, ഗ്രാമ-
പഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവരുടെ
വിവിധ പദ്ധതികളിലൂടെ പുതിയ സ്കൂൾകെട്ടിടവും അനുബന്ധ
സൗകര്യങ്ങളും ഉണ്ടാക്കാൻ സാധിച്ചു. യഥാർത്ഥ പഠനം തികച്ചും
ശിശുകേന്ദ്രീകൃതവും ശാസ്ത്രീയവുമായി നടക്കുന്നത് പൊതുവിദ്യാലയ-
ങ്ങളിലാണെന്ന് പൊതുജനങ്ങൾ തിരിച്ചറിഞ്ഞതിലൂടെ സ്കൂളിൽ
കുട്ടികളുടെ എണ്ണം വർധിച്ചു. കഴിഞ്ഞവർഷം 1-ാം ക്ലാസിൽ ഇംഗ്ലീഷ്
മീഡിയം ആരംഭിച്ചതിനാൽ ഈ വർഷം 1,2 ക്ലാസുകളിലെ ഓരോ
ഡിവിഷൻ ഇംഗ്ലീഷ്മീഡിയമാണ്.

2024-25 അധ്യയനവർഷത്തിൽ കുറ്റിപ്പുറം സബ്ജില്ലാ
കലാമേളയിൽ ഓവറോൾ ഒന്നാം സ്ഥാനവും ജനറൽ വിഭാഗത്തിൽ
ന്നാം സ്ഥാനവും അറബിക് കലാമേളയിൽ മൂന്നാം സ്ഥാനവും
കരസ്ഥമാക്കാൻ കഴിഞ്ഞത് സ്കൂളിന്റെ പാഠ്യേതര രംഗത്തെ
മികവ് വിളിച്ചോതുന്നു. ഇതേ വർഷം 17 കുട്ടികളിൽ 15 കുട്ടികൾ
SS നേടിയതും കൂടി ആയപ്പോൾ അക്കാദമിക മികവിന്റെ വിലയി-
രുത്തൽ കൂട്ടായി. സബ്ജില്ലയിലെ തന്നെ മികച്ച വിദ്യാലയമെന്നതിന്
തിൽ കൂടുതൽ തെളിവുകൾ ആവശ്യമില്ല.

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും സ്കൂളിൽ നിന്നാണ് ഉച്ച-
ഭക്ഷണം കഴിക്കുന്നത്. കുട്ടികൾക്ക് വിഭവ സമൃദ്ധമായ ഭക്ഷണം നൽകാ-
ൻ കഴിയുന്നതിൽ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും
ഒരു പോലെ സന്തുഷ്ടരാണ്.

# പ്രതിസന്ധികൾ, പരിമിതികൾ

## അക്കാദമികം

മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ഭിന്നനിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം

ശരിയായ കായികക്ഷമത ഉറപ്പ്‌വരുത്താൻ കഴിയുന്നില്ല.

ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.

ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നി വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.

പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല

കുട്ടികൾക്കാവശ്യമായ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.

കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം

ക്ലാസ് മുറികളുടെ അഭാവം

ഭൂമി ശാസ്ത്രപരമായ ഘടന

കളിസ്ഥലത്തിന്റെ അഭാവം

കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയ്‌ലറ്റുകളുടെ അഭാവം

ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

ഓഡിറ്റോറിയം / സ്കൂൾ ഓപ്പൺ സ്റ്റേജ് സൗകര്യമില്ലായ്മ.

എല്ലാ ക്ലാസ്മുറികളിലും ഹൈടെക് സൗകര്യമില്ലായ്മ

എല്ലാ ക്ലാസ്മുറികളിലും ടിവി, ലാപ്ടോപ്പ്, പ്രൊജക്ടർ, വൈറ്റ്ബോർഡ് തുടങ്ങിയ സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

കുട്ടികൾക്ക് കളിക്കാനാവശ്യമായ പാർക്ക്, കളിസ്ഥലം ഇവ ലഭ്യമാക്കുക.

സൗണ്ട് സിസ്റ്റത്തിന്റെ അഭാവം

ഓരോ ക്ലാസിനും ശുദ്ധജലം ലഭ്യമാക്കുന്നതിനാവശ്യമായ ഫിൽട്ടർ/കൂളർ സംവിധാനം.

സയൻസ് ലാബ്, ഗണിതലാബ്, കമ്പ്യൂട്ടർ ലാബ് ഇവയുടെ അപര്യാപ്തത.

# അക്കാദമിക മാസ്റ്റർ പ്ലാൻ:- ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പ് വരുത്തുക
- ഓരോ കുട്ടിയിലെയും കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ ഒരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും നടപ്പിലാക്കുക.
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള 'വിജയ സ്പർശം' പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതികസാഹചര്യങ്ങളും ഒരുക്കുക.
- മുഴുവൻ വിഷയങ്ങൾക്കും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുക.
- ഐ.സി.ടി പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉണ്ടാക്കുക.
- പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കൽ.
- 'വിദ്യാലയം തന്നെ പാഠപുസ്തകം' എന്ന രീതിയിലേക്ക് വിദ്യാലയാന്തരീക്ഷം മാറ്റിയെടുക്കുക.
- ചെറുപഠനയാത്രകൾ, ക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ദ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ പഠനപ്രവർത്തനങ്ങൾക്കായി പരമാ-

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിനായി വിജയഭേരി 'വിജയസ്പർശം' പദ്ധതി.
- ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് കൊണ്ട് പ്രത്യേക മാസ്റ്റർ പ്ലാൻ (Individual Master Plan) തയ്യാറാക്കുക.
- ലൈബ്രറി ശാക്തീകരണം.
- ലബോറട്ടറി നവീകരണം.
- പ്രതിഭാപോഷണ പരിപാടി.
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം.
- ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ.
- ഭിന്നശേഷി സൗഹൃദവിദ്യാലയം.
- അധ്യാപക പരിശീലനം - സ്കൂൾ SRG തലം.
- പഠനയാത്രകൾ, ശില്പശാലകൾ, പഠനക്യാമ്പുകൾ, സെമിനാറുകൾ
- കലാകായിക പ്രവൃത്തിപരിചയ പ്രത്യേക പരിശീലനം.
- സ്കൂൾ പത്രം, സ്കൂൾ മാസിക.
- ഭാഷാലാബ് ഒരുക്കൽ.
- ഐ.ടി. പഠനം കാര്യക്ഷമമാക്കൽ.
- ജന്മദിന പുസ്തകം
- ചിത്രരചനാ ക്യാമ്പ്
- ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ.
- സാഹിത്യശില്പശാലകൾ, മെഡിക്കൽ ക്യാമ്പുകൾ
- ഇംഗ്ലീഷ് ഫെസ്റ്റ്

# അക്കാദമിക മാസ്റ്റർ പ്ലാൻ - വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം:

## ഉപമേഖല - മലയാളം

## പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക[…] |
|---|---|---|---|---|
| […]എല്ലാ കുട്ടികൾ[…]ക്കും മലയാളം അനായാസം […]എഴുതാനും […]വായിക്കാനുമുള്ള […]ശേഷി വികസ-[…]നം […]വിജയസ്പർശം | * അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദനിർമ്മാണം<br>* വാക്യനിർമ്മാണം<br>* വായനാകാർഡ് നിർമ്മാണം | ജൂൺ - ആഗസ്റ്റ് | അധ്യാപകർ | SMC<br>PTA<br>പഞ്ചായത്ത് |
| […]ഭാഷാപരമാ-[…]യി പിന്നോക്കാ-[…]വസ്ഥ പരിഹ-[…]രിക്കൽ. | * ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'വിജയസ്പർശം' പദ്ധതി. | ആഗസ്റ്റ് - ഫെബ്രുവരി | അധ്യാപകർ മദർ പി.ടി.എ | SMC<br>SSK<br>പഞ്ചായത്ത് |
| […]എല്ലാ കുട്ടിക-[…]ളെയും സ്വന്തം […]വായനക്കാരാ-[…]ക്കുക. | * ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>* ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>* വായനാകാർഡ് നിർമ്മിക്കൽ.<br>* വായനാമൂല ഒരുക്കൽ.<br>* വായനോത്സവം<br>* പത്രവായന<br>* ജന്മദിനപുസ്തകം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ വിദ്യാരംഗം | PTA<br>SMC<br>SSK<br>പഞ്ചായത്ത് |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| * പത്രവായന പരിപോഷിപ്പിക്കൽ. | * സ്പോൺസർഷിപ്പിലൂടെ പരമാവധി പത്രം ലഭ്യമാക്കൽ<br>* ഒരു ക്ലാസിന് ഒരു പത്രം<br>* പത്രക്വിസ്<br>* വാർത്താ വായന മത്സരം | ജൂൺ - മാർച്ച്<br>മാസത്തിൽ ഒന്ന് | അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ<br>സന്നദ്ധ സംഘടനകൾ<br>PTA |
| സർഗ്ഗശേഷി വികസനം | * വായനാനുഭവം പങ്കുവെക്കൽ<br>* രചനാ ശിൽപശാല.<br>* സാഹിത്യക്വിസ്<br>* ക്ലാസ്തല മാഗസിൻ<br>* സ്കൂൾതല മാഗസിൻ<br>* കഥപറയൽ, കവിതാലാപനം<br>* രചനാപരിചയക്കുറിപ്പ്<br>* ഒരു ദിനം ഒരു കഥ<br>* പാട്ടരങ്ങ്<br>* പുസ്തക ചർച്ച<br>* അമ്മ വായന<br>* ഇ- വായന | ആഴ്ചയിൽ ഒരിക്കൽ<br>മാസത്തിൽ ഒരിക്കൽ.<br>വർഷത്തിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒന്ന്<br>എല്ലാദിവസവും<br>മാസത്തിൽ ഒന്ന് | അധ്യാപകർ<br>വിദ്യാരംഗം<br>അധ്യാപകർ കുട്ടികൾ<br>കുട്ടികൾ<br>അധ്യാപകർ<br>രക്ഷിതാക്കൾ | PTA<br>SMC<br>സന്നദ്ധ സംഘടനകൾ |
| ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാഷാപഠനം ലളിതവും ആസ്വാദ്യകരവുമാക്കൽ. | * ഓഡിയോ വീഡിയോ പ്രദർശനം<br>* പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി കുട്ടികൾക്ക്, ആകർഷകമായ ചിത്രങ്ങളും മറ്റും ഉൾപ്പെടുത്തി ICT സഹായത്തോടെ വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ | SSK |

# ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

## പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷയിലെ പ്രധാനപ്പെട്ട ശേഷികളിലെ വികസനം | * ഇംഗ്ലീഷ് ഭാഷയിൽ പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്കായി 'വിജയസ്പർശം' പദ്ധതി.<br>* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി.<br>* ഇംഗ്ലീഷിൽ ഡയറി എഴുത്ത്<br>* ക്ലബ് പ്രവർത്തനങ്ങൾ - മെച്ചപ്പെടുത്തൽ<br>* ICT സാധ്യത പ്രയോജനപ്പെടുത്തൽ. | ജൂൺ- ഫെബ്രുവരി ആഴ്ചയിൽ ഒരിക്കൽ ടെസ്റ്റ്.<br>ജൂൺ- മാർച്ച് | അധ്യാപകർ<br>ക്ലബ് സെക്രട്ടറി | SSK |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മകശേഷി വികസനം. | * ഇംഗ്ലീഷ് കഥ, കവിത രചനാക്യാമ്പ്.<br>* ഇംഗ്ലീഷ് ഫെസ്റ്റ്<br>* ഹലോ ഇംഗ്ലീഷ്<br>* പാഠഭാഗങ്ങളെ വ്യത്യസ്തങ്ങളായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം (സ്കിറ്റ്, റോൾപ്ലേ, നാടകം, സംഭാഷണം)<br>* ഇംഗ്ലീഷ് റീഡിംഗ് കാർഡ് തയ്യാറാക്കൽ.<br>* ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>* ഇംഗ്ലീഷ് കാർട്ടൂണുകൾ, കഥകൾ പ്രദർശനം<br>* ഇംഗ്ലീഷ് പ്രസംഗം അസംബ്ലിയിൽ. | 3 മാസത്തിലൊരിക്കൽ. വർഷത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | അധ്യാപകർ.<br>PTA | PTA<br>SMC<br>പഞ്ചായത്ത് |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | * കുട്ടികളുടെ രചനകൾ സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കൽ. | ജൂൺ - മാർച്ച്. | അധ്യാപകർ | PTA |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാൻ അവസരം ഒരുക്കൽ. | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം. | മാസത്തിൽ ഒന്ന്. | അധ്യാപകർ | SSA |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് അവസരം ഒരുക്കൽ. | ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി.<br>ഇംഗ്ലീഷ് ഡേ | ആഴ്ചയിൽ ഒന്ന്.<br>മാസത്തിൽ ഒന്ന്.<br>ആഴ്ചയിൽ ഒന്ന്. | SRG<br>Class Teacher<br>SMC | SSA |
| ഇംഗ്ലീഷിൽ സർഗാത്മക രചന | ഇംഗ്ലീഷ് മാഗസിൻ. | 3 മാസത്തിൽ ഒരിക്കൽ | അധ്യാപകർ PTA | SMC PTA |

# ഉപമേഖല - അറബി ഭാഷാ പഠനം

## പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| അറബിഭാഷ ശേഷിവികസനം അടിസ്ഥാനശേഷി എല്ലാ കുട്ടികളും കൈവരിക്കൽ | * പദ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് അറബി അധിക വായന.<br>* അറബി ഭാഷയിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>* അറബി ഫെസ്റ്റ്<br>* അറബി ക്വിസ്<br>* അറബി ഭാഷാ പഠനത്തിൽ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക. | ജൂൺ - മാർച്ച്<br>ഒരുമാസത്തിൽ ഒരു തവണ. | അറബിക് അധ്യാപകർ | PTA |
| സർഗ്ഗാത്മക ശേഷി വികസനം | * വായനാ മത്സരം<br>* സ്കൂൾ ലൈബ്രറി<br>* അറബിക് മാഗസിൻ തയ്യാറാക്കൽ.<br>* അറബിക് അസംബ്ലി | മാസത്തിൽ ഒന്ന്.<br>ആഴ്ചയിൽ ഒന്ന്. | അറബിക് അധ്യാപകർ | PTA<br>SMC |

# ഉപമേഖല - ഗണിതം

## പ്രവർത്തനം - ഗണിത ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ളികളും നിർമ്മാ- ...പ്രവർത്തനങ്ങ- ...ും ഉൾപ്പെടുത്തി ...ണിതം ...ലളിതമാക്കൽ. | * ഗണിത മാഗസിൻ<br>* ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.<br>* ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ - മാർച്ച്.<br>മാസത്തിൽ 2 വീതം | ക്ലാസ് ടീച്ചർ<br>SRG. | SSA |
| ...ണിത ചിന്താ- ...ശേഷി വളർ- ...ത്തൽ | * ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് | SRG | SSA |
| ...ജ്യാമിതീയ ...സൗന്ദര്യം തിരി- ...ച്ചറിയാം. | * ഒറിഗാമി ശിൽപശാല<br>* ടാൻഗ്രാം രൂപങ്ങൾ നിർ- നിർമ്മിക്കൽ, പ്രദർശിപ്പി- ക്കൽ. | ഒക്ടോബർ. | SRG<br>PTA | SSA<br>PTA |
| ...എല്ലാ കുട്ടികൾ- ...ക്കും സംഖ്യാബോ- ...ധം, ചതുഷ്ക്രിയ- ...കൾ, പ്രശ്നപരി- ...ഹാരം, മനഃക്കണക്ക്, ...അളവ്, യുക്തി ...ചിന്ത എന്നീ ...ശേഷികളുടെ ...വികസനം. | * ഗണിത ലാബ് പ്രത്യേക- മായി സജ്ജീകരിച്ച് കുട്ടികൾക്ക് ഗണിതാശയ- ങ്ങൾ ലളിതമാക്കി അവ- തരിപ്പിക്കൽ.<br>* വർക്ക് ഷീറ്റുകൾ ക്ലാസ് തലത്തിൽ തയ്യാറാക്കി കുട്ടിക- ളുടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | ജൂൺ - മാർച്ച്. | അധ്യാപകർ<br>SRG. | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ണിതശേഷി വരിക്കാത്ത ികൾക്ക് 'വിജയ പർശം' പദ്ധതി ലൂടെ ഗണിതശേഷി ിപ്പിക്കാൻ | * ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ കണ്ടെത്തി പ്രത്യേകം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>* എല്ലാ ദിവസവും പ്രത്യേക പരിശീലനം നൽകുന്നു.<br>* പ്രത്യേക അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ- ഫെബ്രുവരി | അധ്യാപകർ രക്ഷിതാക്കൾ | SSA |
| ണിതപഠനം സ്വാദ്യകരമാക്കാൻ ല്ലാസഗണിതം, ണിതവിജയം | * കണക്കിലെ കളികൾ<br>* അതിഥി ക്ലാസുകൾ.<br>* ഗണിതക്വിസ്<br>* ഗണിതമാസിക. | വർഷം മുഴുവൻ | SRG PTA | PTA |
| ണിതശേഷി- ളുടെ പ്രകടന- ിന് ണിതമേള' | * പ്രശ്നോത്തരി<br>* പസിൽ<br>* പാറ്റേൺ<br>* പഠനോൽപന്നങ്ങളുടെ പ്രദർശനം<br>* മെട്രിക് മേള | ജൂൺ - മാർച്ച് | SRG ക്ലാസ്ടീച്ചർ | PTA |

## ഉപമേഖല - ശാസ്ത്രം / പരിസരപഠനം

### പ്രവർത്തനം - ശാസ്ത്രദ്യുതി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| …ികളിൽ ശാ-സ്ത്രാഭിരുചി …ർത്തൽ.- …ശാസ്ത്രപഠനം …രസകരമാ-…ക്കുക. | * ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും അവതരിപ്പിക്കൽ.<br>* ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | ജൂൺ - മാർച്ച് | അധ്യാപകർ | SSK |
| …ആഹാരശീലങ്ങ… ഭക്ഷണവസ്തു-…ക്കളുടെ പ്ര-…ധാന്യത്തെയും …തിരിച്ചറിവ്. | * ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂലൈ - ഒക്ടോബർ. | ക്ലാസ്ടീച്ചർ. PTA SRG | SMC |
| …കൃതിയെ …റിയുന്നതിനും …സ്വദിക്കുന്ന-…തിനും | * പുഷ്പോദ്യാനം<br>* ഔഷധത്തോട്ടം<br>* പ്രകൃതി നടത്തം<br>* ഫീൽഡ് ട്രിപ്പുകൾ | ഡിസംബർ - ജനുവരി. | SRG SMC | SMC |
| …ചിത്വബോധ-…ള്ള വ്യക്തി… സമൂഹവും …ക്കുന്നതിന്. | * ശുചിത്വ സർവ്വേ<br>* അതിഥി ക്ലാസുകൾ.<br>* പോസ്റ്റർ രചന മത്സരം | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ SMC | |
| …റിയാൻ-…റിവുകൾ | * കർഷകരുമായി അഭിമുഖം<br>* കൃഷിയിടത്തിലേക്ക്<br>* നമുക്കും കർഷകരാകാം | ജൂലൈ - ഫെബ്രുവരി. | SRG SMC | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിവിഭവ സംരക്ഷണം. | * ജൈവ വൈവിധ്യ പാർക്ക്. * തടയണ, മഴക്കുഴി നിർമാണം, പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ. * ജൈവപന്തൽ ഒരുക്കൽ | ജൂലൈ -ഡിസംബർ | SMC PTA | SMC SSK |
| ഭൂപടവായന -കേരളം, ഇന്ത്യ | * ഭൂപട രചന * സൂചികാ നിർമ്മാണം | ക്ലാസ് മുറികൾ | ക്ലാസ്ടീച്ചർ | · |
| ശാസ്ത്രോത്സവം. ഉൽപന്നത്തിലൂടെ അറിവു- കളുടെ പ്രയോഗം, പ്രദർശനം. | * പതിപ്പ് * ചാർട്ട് * മാഗസിൻ * പരീക്ഷണം. | ഫെബ്രുവരി | SRG | SMC |
| ശാസ്ത്രമേളക- ളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തൽ | * മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ആവശ്യാനുസരണം. | അധ്യാപകർ. | |
| ശാസ്ത്രലാബ് നവീകരണം | * ലാബ് ഉപകരണങ്ങൾ സജ്ജീകരക്കൽ, ഉപയോഗപ്പെടുത്തൽ. | ജൂൺ- ഡിസംബർ. | SRG. | |

## ...മേഖല - കലാ കായിക പ്രവൃത്തി പരിചയം

| ...ക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...പ്രവൃത്തി ...മേഖലകളി- ...ളുടെ ...ൾ താല്പര്യത്തി ...ലിക്കാൻ. | * സർഗവേള<br>* ബാലസഭ<br>* കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രാദേശിക പ്രതിഭകളെ പ്രയോജനപ്പെടുത്തി പരിശീലനം നൽകൽ.<br>* കലോത്സവത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ. | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന്.<br>ആവശ്യാനുസരണം | SRG<br>അധ്യാപകർ | SMC PTA |
| ...യികശേഷി ...വികസിപ്പിച്ച് ...മികവിലെത്തിക്കൽ | * അസംബ്ലിയിൽ ലഘു വ്യായാമം<br>* എല്ലാ ദിവസവും എയ്റോബിക്സ്<br>* ഫുട്ബോൾ മേള<br>* യോഗ പരിശീലനം<br>* നീന്തൽ പരിശീലനം.<br>* സൈക്ലിങ്ങ് | ആഴ്ചയിൽ ഒന്ന്.<br>വർഷത്തിൽ ഒന്ന്. | അധ്യാപകർ PTA. | PTA SMC |
| പ്രവൃത്തി പരിചയ പരിശീലനം. | * പ്രവൃത്തിപരിചയമേള സ്കൂൾ തലം<br>* അതിഥി ക്ലാസുകൾ.<br>* പ്രവൃത്തിപരിചയ മേളയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകൽ. | വർഷത്തിൽ ഒന്ന്.<br>മാസത്തിൽ ഒന്ന്. | അധ്യാപകർ PTA | PTA SMC |

# ഉപമേഖല - സ്നേഹസ്പർശം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സമ്പ-ത്തിക |
|---|---|---|---|---|
| ...കളിൽ മൂല്യബോധം വളർത്തുക.<br><br>സഹജീവി സ്നേഹവും സാമൂഹികപ്രതിബദ്ധതയും ഉയർത്തുക. | * കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന പണത്തിൽനിന്ന് ഒരു പങ്ക് കാരുണ്യപ്രവർത്തനങ്ങൾക്ക് നീക്കി വെക്കുന്നു.<br>* കുട്ടികൾ ശേഖരിച്ച ഫണ്ട് ദുരിതമനുഭവിക്കുന്നവർക്കായി നൽകുന്നു.<br>* വിശേഷാവസരങ്ങളിൽ അർഹരായവർക്ക് ഭക്ഷണവും വസ്ത്രവും നൽകുന്നു.<br>* വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ എന്നിവ സന്ദർശിച്ച് സഹായങ്ങൾ നൽകൽ. | ജൂൺ- മാർച്ച്. | PTA | |

## മേഖല: സാമൂഹിക പങ്കാളിത്തം / പി.ടി.എ. ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തെ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ | * രക്ഷാകർതൃ ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>* PTA യോഗങ്ങളും CPTA യോഗങ്ങളും കൃത്യമായ ഇടവേളകളിൽ വിളിച്ച് ചേർക്കുന്നു<br>* കുട്ടികളുടെ പഠനപ്രക്രിയയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>* പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ നടത്തുന്നു.<br>* വിശേഷാവസരങ്ങളിൽ ക്ലബ്ബുകളുടെയും മറ്റും സഹകരണം ഉറപ്പാക്കുന്നു<br>* മുഴുവൻ വിദ്യാർത്ഥികളുടെയും ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ | PTA SMC |

# മോണിറ്ററിംഗ്

സാമൂഹ്യ ഇടപെടലുകളിലൂടെയും സമൂഹ പങ്കാളിത്തത്തോ കൂടി അക്കാദമിക മാസ്റ്റർ പ്ലാൻ മോണിറ്റർ ചെയ്യുന്നു. ഇതിനായി സ്കൂൾ തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.

## മോണിറ്ററിംഗ് സമിതി അംഗങ്ങൾ

1. പ്രധാനാധ്യാപകൻ
2. പി.ടി.എ
3. എസ്.എം.സി
4. എം.പി.ടി.എ
5. എസ്.ആർ.ജി. കൺവീനർ
6. സന്നദ്ധ സംഘടനകൾ
7. പ്രാദേശിക വിദഗ്ധർ.
8. വിദ്യാലയ വികസന സമിതി.

സ്കൂൾ തല മോണിറ്ററിംഗിനു പുറമേ തദ്ദേശ സ്വയംഭരണ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് നടത്തുന്നു. ബന്ധപ്പെട്ടവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് വരും വർഷങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുകയും കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്യുന്നു.

# ഉപസംഹാരം

കല്ലാർമംഗലം ജി.എം.എൽ.പി. സ്കൂളിന്റെ അക്കാ-
ദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവ-
ർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോ-
ടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ
വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഗുണമേന്മയുള്ള
വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്.
ഈ ആശയം മുൻനിർത്തി തയ്യാറാക്കിയ ഈ അക്കാദമി-
ക മാസ്റ്റർപ്ലാൻ കൊണ്ട് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം
നിറവേറ്റാൻ കഴിയും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്.
പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർ-
ത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്ക-
ളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം
ഉണ്ടാകും ഞങ്ങൾക്ക് (സ്കൂളിന്) എന്ന വിശ്വാസത്തോടെയാണ്
ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.
സ്കൂളിലെ ഓരോ കുട്ടിക്കും പഠനമികവിന് ഇത് ഒരു
മുതൽക്കൂട്ടാവുമെന്ന് പ്രത്യാശിക്കുന്നു.